"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് - ഒഡെപെക്കിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണം 01/01/2018 തിയതി മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

**സ.ഉ.(കൈ) നം.50/2020/തൊഴിൽ** തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 20.01.2016 ലെ സ.ഉ (പി) നം. 07/2016/ധന നമ്പർ ഉത്തരവ്

2 ഒഡെപെക് എം.ഡിയുടെ 26/08/2019 തിയതിയിലെ എ2/580/2018 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ശമ്പള പരിഷ്ക്കരണം ഒഡെപെക് ജീവനക്കാർക്കും ലഭ്യമാവേണ്ടതാണെന്നും ആയത് 01/01/2018 മുതൽ മുൻകാല പ്രാബല്യത്തോടെ അനുവദിക്കണമെന്നും ഒഡെപെക്ക് 189 -മത് ബോർഡ് യോഗത്തിൽ തീരുമാനിക്കുകയും ആയതിൻപ്രകാരം, പരാമർശം 2 പ്രകാരം ഒഡെപെക് മാനേജിംഗ് ഡയറക്ടർ സർക്കാരിന് ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ODEPC) ലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ പരാമർശം (1) ഉത്തരവിന്റെ അനക്സർ 1 പ്രകാരം, 01/01/2018 മുതൽ മുൻകാല പ്രാബല്യത്തോടെ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 2 | ജനറൽ മാനേജർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |

| | | | | |
|---|---|---|---|---|
| 3 | ട്രാവൽ അസിസ്റ്റന്റ് | 1 | അന്യത്രസേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 4 | അസിസ്റ്റന്റ് മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) | 1 | 22360-37940 | 42500-87000 |
| 5 | അസിസ്റ്റന്റ് ഗ്രേഡ് - II | 6 | 11620-18740 | 22200-48000 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് -II | 2 | 9940-15380 | 19000-43600 |
| 7 | ഡ്രൈവർ ഗ്രേഡ് - II | 1 | 9190-14620 | 18000-41500 |
| 8 | പ്യൂൺ ഗ്രേഡ്-II | 2 | 8500-13210 | 16500-35700 |
| 9 | പാർട്ട്ടൈം സ്വീപ്പർ | 1 | 4250-6700 | 8200-13340 |

1. പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.01.2018 ആണ്. 01.07.2014 തീയതിയിൽ അനുവദനീയമായിരുന്ന 80% ക്ഷാമബത്ത ലയിപ്പിച്ചുകൊണ്ട് ശമ്പളനിർണ്ണയം നടത്തിയതിനു ശേഷം പരിഷ്കരിച്ച ശമ്പളസ്കെയിലുകളുടെ പ്രാബല്യതീയതിയായ 01.01.2018 ൽ അനുവദനീയമായ 17% ക്ഷാമബത്ത പരിഷ്കരിച്ച സ്കെയിലിൽ അനുവദിക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

2. ശമ്പളനിർണ്ണയം സംബന്ധിച്ച് 20/01/2016 ലെ സ.ഉ (പി) നം. 07/2016/ധന നം. ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

3. വീട്ടുവാടകബത്ത 20/01/2016 ലെ സ.ഉ (പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

4. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

5. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

6. റേഷ്യോ/പ്രൊമോഷൻ/അപ്ഗ്രഡേഷൻ/ തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർഅനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.

7. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.

8. മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പളസ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

10. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

11. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ്.

12. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം, നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ്.

13. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്റ്റിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

14. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

15. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല. ശമ്പളപരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

16. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

17. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

18. 01.01.2018 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന്

തീരുമാനമെടുക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, ഒഡെപ്പെക്ക്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (U O (f) No PU- C 3/134/2019-FIN)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫെയർസ്(ബി. പി. ഇ) വകുപ്പ് (PLEG-BPE2/84/2020/PLEGA)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.4307 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Kavitha

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 04-11-2020

ഫയൽ നം. ജി2/158/2019-തൊഴിൽ.     ഇനം നം: 4307

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - ഒഡെപെക്കിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്

ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

കാലാകാലം സർക്കാർ നടപ്പിലാക്കുന്ന ശമ്പളപരിഷ്കരണമാണ് ഒഡെപെക്കിലും പിന്തുടരുന്നത്. സർക്കാർ നിശ്ചയിച്ച പ്രകാരം ശമ്പളം കൈപ്പറ്റുന്ന **12** ജീവനക്കാർ മാത്രമാണ് ഒഡെപെക്കിൽ ഉള്ളത്. ശമ്പള പരിഷ്ക്കരണം **01/01/2018** മുതൽ ടി ജീവനക്കാർക്ക് ലഭ്യമാവേണ്ടതാണെന്നും ആയത് മുൻകാല പ്രാബല്യത്തോടെ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഒഡെപെക് മാനേജിംഗ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ODEPC) ലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016 ലെ സ.ഉ (പി) നം. 07/2016/ധന നമ്പർ ഉത്തരവിന്റെ **അനക്സർ 1** പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നം. | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 2 | ജനറൽ മാനേജർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 3 | ട്രാവൽ അസിസ്റ്റന്റ് | 1 | അന്യത്രസേവനം (As in parent department) | അന്യത്ര സേവനം (As in parent department) |

| | | | | |
|---|---|---|---|---|
| 4 | അസിസ്റ്റന്റ് മാനേജർ (ഫിനാൻസ് & അഡ് മിനിസ്ട്രേഷൻ) | 1 | 22360-37940 | 42500-87000 |
| 5 | അസിസ്റ്റന്റ് ഗ്രേഡ് - II | 6 | 11620-18740 | 22200-48000 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് -II | 2 | 9940-15380 | 19000-43600 |
| 7 | ഡ്രൈവർ ഗ്രേഡ് - II | 1 | 9190-14620 | 18000-41500 |
| 8 | പ്യൂൺ ഗ്രേഡ്-II | 2 | 8500-13210 | 16500-35700 |
| 9 | പാർട്ട്ടൈം സ്വീപ്പർ | 1 | 4250-6700 | 8200-13340 |

1. പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.01.2018 ആണ്. 01.07.2014 തീയതിയിൽ അനുവദനീയമായിരുന്ന 80% ക്ഷാമബത്ത ലയിപ്പിച്ചുകൊണ്ട് ശമ്പളനിർണ്ണയം നടത്തിയതിനു ശേഷം പരിഷ്കരിച്ച ശമ്പളസ്കെയിലുകളുടെ പ്രാബല്യതീയതിയായ 01.01.2018 ൽ അനുവദനീയമായ 17% ക്ഷാമബത്ത പരിഷ്കരിച്ച സ്കെയിലിൽ അനുവദിക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.
2. ശമ്പളനിർണ്ണയം സംബന്ധിച്ച് 20/01/2016 ലെ സ.ഉ (പി) നം. 07/2016/ധന നം. ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.
3. വീട്ടുവാടകബത്ത 20/01/2016 ലെ സ.ഉ (പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.
4. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത്

നഗരപരിധിയിൽ സ്ഥിതി ചെയുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

5. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ ധന നമ്പർ ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
6. റേഷ്യോ/പ്രൊമോഷൻ/അപ്ഗ്രഡേഷൻ/ തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർഅനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.
7. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.
8. മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.
9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പളസ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.
10. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.
11. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ്.
12. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന

ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം, നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ്.

13. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

14. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

15. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല. ശമ്പളപരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

16. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

17. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

18. 01.01.2018 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ്.

19. ശമ്പളപരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം Public Enterprises Board (PEB) മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

25/09/2020 ൽ ചേർന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗം, ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം ഒ.ഡി.ഇ.പി.സി.യിലെ സ്ഥിരം ജീവനക്കാർക്ക് 01/01/2018 മുതൽ പ്രാബല്യത്തിൽ പത്താമത് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി.

തുടർന്ന് 20/01/2016 ലെ സ.ഉ (പി) നം. 7/2016/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 10–ാം ശമ്പളപരിഷ്കരണം ഒഡെപെക്കിലെ ജീവനക്കാർക്കും അനുവദിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി വഴി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു. ബഹു.മുഖ്യമന്ത്രി 17/10/2020 ൽ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവിട്ടു.

## തീരുമാനമെടുക്കേണ്ട വിഷയം

**ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 20/01/2016 ലെ സ.ഉ. (പി) നം. 7/2016/ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ശമ്പള പരിഷ്കരണം 01/01/2018 മുതൽ പ്രാബല്യത്തിൽ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ (ഒ.ഡി.ഇ.പി.സി) ജീവനക്കാർക്കും അനുവദിക്കാമോ ?**

# NOTE FOR THE COUNCIL OF MINISTERS

This note is regarding granting the 10th Pay Revision to the employees of Overseas Development and Employment Promotion Consultancy Limited (ODEPC).

ODEPC follows the Government's pay reform from time to time. Only **12** employees of ODEPC are receiving salaries under the Government exchequer. The Managing Director, ODEPC submitted that these employees should have received Pay Revision from 01/01/2018 and may be granted with retrospective effect.

The opinion of the Finance Department on the subject is given below.

ഓവർസീസ് ഡെവലപ്പ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ODEPC) ലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളം, അലവൻസുകൾ എന്നിവ 20.01.2016 ലെ സ.ഉ (പി) നം. 07/2016/ധന നമ്പർ ഉത്തരവിന്റെ അനക്സർ 1 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നം. | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 2 | ജനറൽ മാനേജർ | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 3 | ട്രാവൽ അസിസ്റ്റന്റ് | 1 | അന്യത്ര സേവനം (As in parent department) | അന്യത്ര സേവനം (As in parent department) |
| 4 | അസിസ്റ്റന്റ് മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ ) | 1 | 22360-37940 | 42500-87000 |

| | | | | |
|---|---|---|---|---|
| 5 | അസിസ്റ്റന്റ് ഗ്രേഡ് –II | 6 | 11620–18740 | 22200–48000 |
| 6 | ടൈപ്പിസ്റ്റ് ഗ്രേഡ് –II | 2 | 9940–15380 | 19000–43600 |
| 7 | ഡ്രൈവർ ഗ്രേഡ് – II | 1 | 9190–14620 | 18000–41500 |
| 8 | പ്യൂൺ ഗ്രേഡ് –II | 2 | 8500–13210 | 16500–35700 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 1 | 4250–6700 | 8200–13340 |

1. പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യ തീയതി 01.01.2018 ആണ്. 01.07.2014 തീയതിയിൽ അനുവദനീയമായിരുന്ന 80% ക്ഷാമബത്ത ലയിപ്പിച്ചുകൊണ്ട് ശമ്പളനിർണ്ണയം നടത്തിയതിനു ശേഷം പരിഷ്കരിച്ച ശമ്പളസ്കെയിലുകളുടെ പ്രാബല്യതീയതിയായ 01.01.2018 ൽ അനുവദനീയമായ 17% ക്ഷാമബത്ത പരിഷ്കരിച്ച സ്കെയിലിൽ അനുവദിക്കേണ്ടതാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

2. ശമ്പളനിർണ്ണയം സംബന്ധിച്ച് 20/01/2016 ലെ സ.ഉ (പി) നം. 07/2016/ധന നം. ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. സർവീസ് വെയിറ്റേജിന് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

3. വീട്ടുവാടകബത്ത 20/01/2016 ലെ സ.ഉ (പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്.

4. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

5. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം. 7/2016/

ധന നമ്പർ ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

6. റേഷ്യോ/പ്രൊമോഷൻ/അപ്ഗ്രഡേഷൻ/ തസ്തിക പുനർനാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർഅനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല.
7. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല.
8. മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.
9. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പളസ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.
10. ശമ്പളപരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.
11. കരാർ/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. ഇത്തരം ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധിക്കു ശേഷം അവസാനിപ്പിക്കേണ്ടതുമാണ്.
12. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്,

സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം, നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതാണ്.

13. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

14. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

15. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല. ശമ്പളപരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

16. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

17. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ളോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

18. 01.01.2018 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ്.

19. ശമ്പളപരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭാ യോഗത്തിന്റെ പരിഗണയ്ക്ക് സമർപ്പിക്കേണ്ടതും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതുമാണ്.

Based on the opinion of the Finance Department, the subject was referred to Public Enterprises Board (PEB) for their concurrence. Public Enterprises Board Meeting on 25/09/2020 agreed to grant the 10th Pay Revision to the employees of Overseas Development and Employment Promotion Consultancy Limited (ODEPC) with effect from 01/01/2018, as suggested by the Finance Department.

Subsequently, the file was circulated to the Hon'ble Chief Minister through the Hon'ble Minister (Labour & Excise) for orders on granting the employees of ODEPC, the 10th Pay Revision granted to Government Employees vide G.O (P) No.7/2016/Fin dated 20/01/2016, as suggested by the Finance Department. The Hon'ble Chief Minister ordered on 17/10/2020 to place the matter before the Council of Ministers.

## **Poin for Decision**

Whether the employees of Overseas Development and Employment Promotion Consultancy Limited also be allowed the 10th Pay Revision, granted to Government Employees as per G.O (P) No. 7/2016/Fin. Dated 20/01/2016, with effect from 01/01/2018, as suggested by the Finance Department.

# Government of Kerala

**(SHRI. PINARAYI VIJAYAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 01. | File No. | : | G2/158/2019-Labour |
| 02. | Department | : | Labour & Skills (G) Department |
| 03. | Subject | : | 10th Pay Revision to the employees of - ODEPC – reg. |
| 04. | Date of Chief Minister's orders for placing before the Council | : | 17/10/20 |
| 05. | (i)Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 06. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes |
| 07. | Name of Additional Secretary who submitted the Draft Note | : | Smt.Leema Manuel |
| 08. | Name of Additional Chief Secretary who approved the Draft Note | : | Sri.Satyajeet Rajan |
| 09. | Date of approval of draft Note for the Council by the Additional Chief Secretary | : | 22 / 10 /2020 |
| 10. | Name of Chief Secretary who approved the Draft Note | : | Dr.Vishwas Mehta |
| 11. | Date of approval of Draft Note for the Council by the Chief Secretary | : | 28 / 10 /2020 |
| 12. | Name of Minister who approved the Draft note | : | Sri.T.P.Ramakrishnan |
| 13. | Date of approval of the draft Note for the Council by the Minister | : | 28/ 10/2020 |
| 14. | Date of submission of fair copies | : | 30/ 10/2020 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of G.O./letter communicating the decision | : | |

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 01. | ഫയൽ നമ്പർ | : | ജി 2 /158/2019-തൊഴിൽ |
| 02. | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് |
| 03. | വിഷയം | : | ഒഡെപെക്കിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച് |
| 04. | മന്ത്രി സഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17/10/2020 |
| 05. | (i)ഇത് സാമ്പത്തികബാദ്ധ്യതയുള്ള താണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 06. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഉണ്ട് |
| 07. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലീമാ മാനുവൽ |
| 08. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജീത് രാജൻ |
| 09. | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/ 10 /2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |

| | | | |
|---|---|---|---|
| 11. | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 28/ 10 /2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. | മന്ത്രി സഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 28 / 10/2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30 / 10 /2020 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തിയതിയും | : | |